പതിനാലാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 570** 29/11/2018 ൽ മറുപടിക്ക്

**കേരള ഓട്ടോമൊബൈൽസിന്റെ പ്രവർത്തനം**

ചോദ്യം

**ശ്രീ. കെ. ആൻസലൻ**

ഉത്തരം

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) കേരള ഓട്ടോമൊബൈൽസിൽ 2018 ഏപ്രിൽ മാസം മുതൽ 2018 ഒക് ടോബർ മാസം വരെ ഓരോ മാസവും എത്ര വരുമാനം ആണ് ലഭിച്ചത്; ഇതിൽ ഓരോ മാസവും ഉണ്ടായ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ;

(എ) കേരള ഓട്ടോമൊബൈൽസിൽ 2018 ഏപ്രിൽ മാസം മുതൽ ഒക്ടോബർ വരെയുള്ള വരുമാനവും ചെലവഴിച്ച തുകയും.

| മാസം | വരുമാനം ലക്ഷത്തിൽ | ചെലവ് ലക്ഷത്തിൽ |
|---|---|---|
| ഏപ്രിൽ 2018 | 4.62 | 53.52 |
| മെയ് | 25.69 | 63.84 |
| ജൂൺ | 7.11 | 55.51 |
| ജൂലൈ | 28.04 | 61.98 |
| ഓഗസ്റ്റ് | 24.52 | 50.92 |
| സെപ്റ്റംബർ | 32.83 | 66.85 |
| ഒക്ടോബർ | 57.41 | 78.87 |

(ബി) ഇവിടെ പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; പുതിയ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വി.എസ്.എസ്.സി യുടെ വർക്ക് ചെയ്യുന്നതിന്റെ ഭാഗമായി, കമ്പനിയുടെ മെഷീൻഷോപ്പ് ആധുനിക വൽക്കരിക്കുന്നതിനും പുതിയ മെഷീൻ വാങ്ങുന്നതിനുമായി 7 കോടി രൂപ അനുവദിച്ചു. മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

ഇ-ഓട്ടോ നിർമ്മാണത്തിനു വേണ്ടി 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്രസ്തുത സംരംഭത്തിന്റെ തുടക്കമായി ഒരു പ്രോട്ടോടൈപ്പ് ഇ-ഓട്ടോ നിർമ്മിച്ച് അതിന്റെ പരീക്ഷണ ഓട്ടം നടത്തി കൊണ്ടിരിക്കുന്നു.

| | | | |
|---|---|---|---|
| (സി) | കേരള ഓട്ടോമൊബൈൽസിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട് എന്നും എത്ര താൽകാലിക ജീവനക്കാർ ഉണ്ട് എന്നും വ്യക്തമാക്കാമോ? | (സി) | കേരളാ ഓട്ടോമൊബൈൽസ് ലിമിറ്റഡിൽ നിലവിൽ 136 സ്ഥിരം ജീവനക്കാർ ഉണ്ട്. താൽകാലിക ജീവനക്കാരായി ഇപ്പോൾ ആരും ജോലി നോക്കുന്നില്ല. |

സെക്ഷൻ ഓഫീസർ